ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച്

* 101 [106] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം 1985-86 സാമ്പത്തിക വർഷം സംസ്ഥാനത്ത് മൊത്തം എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഓരോജില്ലയിലും ചെലവാക്കിയ തുക എത്രവീതമാണ്;

(സി) 1986-87 സാമ്പത്തിക വർഷം ആർ. എൽ. ഇ. ജി. പി. യിൽ സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം 1985-86 സാമ്പത്തിക വർഷം 1-3-1986 വരെ സംസ്ഥാനത്ത് മൊത്തം 1048.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും ചെലവാക്കിയ തുക താഴെ ചേർക്കുന്ന പ്രകാരമാണ്.

	ലക്ഷം രൂപ
തിരുവനന്തപുരം	48.08
കൊല്ലം	20.58
ആലപ്പുഴ	58.88
പത്തനംതിട്ട	111.28
കോട്ടയം	61.53
ഇടുക്കി	41.62
എറണാകുളം	127.53
തൃശ്ശൂർ	164.08
പാലക്കാട്	50.88
മലപ്പുറം	99.84
കോഴിക്കോട്	84.18
വയനാട്	110.03
കണ്ണൂർ	41.43
കാസർകോഡ്	29.24
ആകെ	1048.98

(സി) 1986-87 സാമ്പത്തിക വർഷം ആർ. എൽ. ഇ. ജി. പി. പദ്ധതിക്കായി സംസ്ഥാനത്തിന് മൊത്തം 1811 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 37700 മെട്രിക് ടൺ ഗോതമ്പും ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly